# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2397** | **19/03/2015-ൽ മറുപടിക്ക്**

### ആധുനിക കാൻസർ ചികിത്സാ സംവിധാനങ്ങൾ

**ചോദ്യം**

ശ്രീ. കോടിയേരി ബാലകൃഷ്ണൻ
ശ്രീ. ഇ.പി. ജയരാജൻ
ശ്രീ. എസ്. ശർമ്മ
ശ്രീ. കെ.കെ. നാരായണൻ

**മറുപടി**

ശ്രീ. വി എസ് ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും
ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ദേശീയ കാൻസർ, പ്രമേഹ, ഹൃദ്രോഗ, മസ്തിഷ്കാഘാത നിയന്ത്രണ പരിപാടി (NPCDCS) പ്രകാരം സംസ്ഥാനത്ത് എന്തൊക്കെ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്; | (എ) | ദേശീയ ക്യാൻസർ, പ്രമേഹ, ഹൃദ്രോഗ, മസ്തിഷ്കാഘാത നിയന്ത്രണ പരിപാടി (NPCDCS) എന്ന പദ്ധതി 2010-ൽ പത്തനംതിട്ടയിൽ ആരംഭിക്കുകയും 2011-ൽ തൃശ്ശൂർ, ആലപ്പുഴ, കോഴിക്കോട്, ഇടുക്കി ജില്ലകളിലേയ്ക്ക് വ്യാപിക്കുകയും ചെയ്തു. ഈ പദ്ധതി പ്രകാരം ജില്ലകളിലെ എല്ലാ സാമൂഹിക കേന്ദ്രങ്ങളിലും ആഴ്ചയിൽ 6 ദിവസം പ്രവർത്തിക്കുന്ന NCD ക്ലിനിക്കുകൾ സജ്ജമാക്കിയിട്ടുണ്ട്. ഇതിനായി കരാർ അടിസ്ഥാനത്തിൽ ഡോക്ടർമാരേയും, സ്റ്റാഫ് നേഴ്സുമാരെയും ഡയറ്റീഷ്യൻമാരെയും മറ്റ് അനുബന്ധ ജീവനക്കാരെയും നിയമിച്ചിട്ടുണ്ട്. ഈ ജില്ലകളിലെ ജില്ലാ ആശുപത്രികളിൽ കോറോണറി കെയർ യൂണിറ്റ്, ക്യാൻസർ കെയർ യൂണിറ്റ്, ജെറിയാട്രിക് വാർഡ് എന്നിവ സജ്ജീകരിക്കുകയും ഡോക്ടർ ഉൾപ്പെടെയുള്ള ജീവനക്കാരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുകയും ചെയ്തു.<br>National Programme for prevention and Control of Cancer, Diabetes, Cardiovascular diseases and Stroke (NPCDCS) എന്ന പദ്ധതിയിൻ കീഴിൽ Kerala Campaign Against Cancer എന്ന പ്രചാരണ പരിപാടിക്കുവേണ്ടി ആർ.സി.സി. NRHM-ന്റെ കീഴിലുള്ള 63 ഡോക്ടർമാർക്കും 118 നേഴ്സുമാർക്കും ക്യാൻസർ സ്ക്രീനിംഗിന് പരിശീലനം നൽകിക്കഴിഞ്ഞു. |

| | | | |
|---|---|---|---|
| (ബി) | ആരോഗ്യവകുപ്പിന് കീഴിൽ ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം പുതുതായി നടപ്പാക്കിയ കാൻസർ ചികിത്സാ സംവിധാനം എന്തൊക്കെയാണെന്ന് അറിയിക്കാമോ ; | (ബി) | ജില്ലാ ക്യാൻസർ കെയർ പദ്ധതി പ്രകാരം ജില്ലയിലെ ഒരു പ്രധാന ആശുപത്രിയിൽ ക്യാൻസർ ചികിത്സ സൗകര്യം ഒരുക്കിയിട്ടുണ്ട്. ക്യാൻസർ ചികിത്സ വിദഗ്ദരുടെ ദൗർലഭ്യം കണക്കിലെടുത്ത് ആരോഗ്യ വകുപ്പിലെ അസി. സർജൻമാർക്ക് റീജണൽ ക്യാൻസർ സെന്ററുകളിൽവെച്ച് വിദഗ്ദ പരിശീലനം നൽകി ഇവിടെ വിന്യസിക്കുകയുണ്ടായി. ഇവരെ സഹായിക്കാൻ 2 സ്റ്റാഫ് നേഴ്സ്മാർക്ക് ട്രെയിനിംഗ് നൽകി പോസ്റ്റ് ചെയ്യുകയുണ്ടായി. ഈ സെന്ററുകളിലൂടെ കീമോതെറാപ്പിയും Blood/ Platelet infusion Ascitic fluid tapping തുടങ്ങിയ അനുബന്ധ ക്യാൻസർ ചികിത്സയും നൽകിവരുന്നു. നാളിതുവരെ പതിനായിരത്തിലേറെ കീമോതെറാപ്പി നൽകിയും 900-ത്തോളം പുതിയ ക്യാൻസർ കണ്ടെത്തുകയും ചെയ്തു. ആർ.സി.സി.യുമായി ചേർന്ന് ഫീൽഡ് തലത്തിൽ ക്യാൻസർ രോഗ നിർണ്ണയം നടത്തുന്നതിന് കേരള ക്യാപെയിൻ എഗൻസ്റ്റ് ക്യാൻസർ എന്ന പദ്ധതി ആരംഭിക്കുകയുണ്ടായി. കുടുംബശ്രീയുമായി ചേർന്ന് ആരംഭിച്ച ക്യാൻസർ രോഗ നിർണ്ണയ പരിപാടിയായ 'സ്വാസ്ഥ്യം' പദ്ധതിയുടെ നടപടി ക്രമങ്ങൾ പൂർത്തീകരിച്ച് വരുന്നു.<br>നിലവിലുള്ള സർക്കാർ അധികാരത്തിൽ എത്തിയതിനുശേഷം IMRT, IGRT, SRS, SRT എന്നീ അത്യാധുനിക ചികിത്സാ രീതികളും, ഇത്തരം ചികിത്സ നൽകുന്നതിനുള്ള ടെലിതെറാപ്പി മെഷീനുകളായ ലീനിയർ ആക്സിലറേറ്ററുകൾ, ആർ.സി.സി.യിലെ ഏതു ക്ലിനിക്കിൽ ഇരുന്നുകൊണ്ടും കമ്പ്യൂട്ടർ വഴി Radiological Images കാണുവാൻ സാധിക്കുന്ന PACS സംവിധാനം എന്നിവ ആർ.സി.സി.യിൽ സ്ഥാപിച്ചു. കൂടാതെ ക്യാൻസർ നിർണ്ണയത്തിനുള്ള പെറ്റ് സ്കാനർ (PET SCANNER) സ്ഥാപിക്കുന്നതിനുള്ള നടപടി ക്രമങ്ങളും പൂർത്തീകരിച്ചുകഴിഞ്ഞു. Minimal Invasive Surgery, Limb Salvage Surgery, Sentinel lymph node biopsy, Laser for Microlaryngeal Surgery എന്നീ നൂതന ശസ്ത്രക്രിയ സൗകര്യവും ആർ.സി.സി.യിൽ ഏർപ്പെടുത്തിയിട്ടുണ്ട്. Paediatric Oncology വിഭാഗത്തിലെ I.C.Unit വെന്റിലേറ്റർ സംവിധാനത്തോടുകൂടി നവീകരിച്ചു. ഇതിനെല്ലാം പുറമേ 10 നിലയുള്ള ഒരു OPD Block 2015-ൽ ഉദ്ഘാടനത്തിനായി തയ്യാറാക്കി വരുന്നു. |

| | | | |
|---|---|---|---|
| (സി) | മലബാർ കാൻസർ സെന്റർ വിപുലീകരണത്തിനായി നടപ്പാക്കിയ കാര്യങ്ങൾ എന്തൊക്കെയാണ്; | (സി) | മലബാർ കാൻസർ സെന്ററിന്റെ വിപുലീകരണത്തിനായി താഴെപ്പറയുന്നവ നടപ്പിലാക്കിവരുന്നു.<br>1. എം.ആർ.ഐ. സ്കാനർ പ്രവർത്തിച്ചുവരുന്നു.<br>2. സ്റ്റം സെൽ ട്രാൻസ്പ്ലാന്റേഷൻ & കോർഡ് ബ്ലഡ് ബാങ്കിംഗ് ചികിത്സ നടക്കുന്നു.<br>3. പീഡിയാട്രിക് ഓങ്കോളജി കെട്ടിട നിർമ്മാണം നടന്നുവരുന്നു.<br>4. 4D സി.ടി. സ്കാനർ പ്രവർത്തിച്ചുവരുന്നു.<br>5. ന്യൂക്ലിയർ മെഡിസിൻ കെട്ടിട നിർമ്മാണം, നഴ്സിംഗ് കോളേജ് കെട്ടിട നിർമ്മാണം എന്നീ നിർമ്മാണ പ്രവർത്തികൾ പുരോഗമിച്ചുവരുന്നു.<br>6. 2-മത് ലിനാക് വാങ്ങുന്നതിലേയ്ക്കും, സ്ഥാപിക്കുവാനുള്ള കെട്ടിട നിർമ്മാണത്തിനും വേണ്ട നടപടികൾ പുരോഗമിച്ചുവരുന്നു.<br>7. ന്യൂക്ലിയർ മെഡിസിൻ കെട്ടിട നിർമ്മാണ നടപടികൾ ആരംഭിച്ചുവരുന്നു.<br>8. ജെറിയാട്രിക് ഓങ്കോളജി വിഭാഗത്തിനുള്ള ഉപകരണങ്ങൾ വാങ്ങുന്നതിന് ടെൻഡർ ക്ഷണിച്ചിട്ടുണ്ട്.<br>9. ന്യൂക്ലിയർ മെഡിസിൻ വിഭാഗത്തിനുള്ള ഉപകരണങ്ങൾ, ഗാമാ കാമറ, SPECT/ CT എന്നിവയ്ക്കുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |
| (ഡി) | സർക്കാർ പ്രഖ്യാപിച്ച കൊച്ചി കാൻസർ സെന്ററിന്റെ പ്രവർത്തന പുരോഗതി അറിയിക്കാമോ ? | (ഡി) | എറണാകുളം ഗവ. മെഡിക്കൽ കോളേജ് കാമ്പസിൽ തുടങ്ങുവാൻ തറക്കല്ലിട്ടിരിക്കുന്ന കൊച്ചി കാൻസർ ഇൻസ്റ്റിറ്റ്യൂട്ട് & റിസർച്ച് സെന്റർ ഉത്തര കേരളത്തിലെ കാൻസർ രോഗ ചികിത്സയ്ക്കും പഠനത്തിനും ഉദ്ദേശിച്ചിട്ടുള്ള ബൃഹത്തായ സംരംഭമാണ്. Detailed Project Report (DPR) തയ്യാറാക്കുന്നതിനായി ചുമതലയേല്പിച്ച HSCC (Hospital Service Consultancy Centre) ഒരു കേന്ദ്ര സർക്കാർ സ്ഥാപനമാണ്. ടി സ്ഥാപനം ഏകദേശം 450 കോടി ചെലവ് പ്രതീക്ഷിക്കുന്ന, 300 കിടക്കകൾ ഉൾക്കൊള്ളുന്ന ഇൻസ്റ്റിറ്റ്യൂട്ടിന്റെ DPR തയ്യാറാക്കുകയും ആയത് ബഹു. മുഖ്യമന്ത്രി അംഗീകരിക്കുകയും ചെയ്ത പശ്ചാത്തലത്തിൽ ടി സ്ഥാപനവുമായി സമ്മതപത്രത്തിൽ ഒപ്പിടുകയും ചെയ്തു.<br><br>ടി പദ്ധതിയ്ക്ക് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ, 18/11/2014-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ വാർഷികാടിസ്ഥാനത്തിൽ (Annuity mode) തുക അനുവദിക്കുന്നത് ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. ഇതിനായുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ